# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>പുതിയ തൊഴിൽ നയം</u>

1223 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ തൊഴിൽ നയം രൂപപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) നോക്കുകൂലി, ഭൂതപ്പണം തുടങ്ങിയ പ്രവണതകൾ ഇല്ലായ്മ ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നു;

(സി) അന്യസംസ്ഥാന തൊഴിലാളികളുടെ കേരളത്തിലേയ്ക്കുള്ള ഒഴുക്ക് തൊഴിൽ മേഖലയിൽ ഉണ്ടാക്കുന്ന സ്വാധീനങ്ങളും അവരുടെ പ്രശ്നങ്ങളും സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>തൊഴിലില്ലായ്മ വേതനം കുടിശ്ശിക</u>

1224 ശ്രീ. സി.കെ. സദാശിവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് തൊഴിലില്ലായ്മ വേതനം കുടിശ്ശിക സഹിതം പൂര്‍ണ്ണമായി വിതരണം ചെയ്തിട്ടുണ്ടോ; എങ്കില്‍ വിശദാംശം ലഭ്യമാക്കുമോ;

(ബി) കുടിശ്ശിക ഉണ്ടെങ്കില്‍ എത്രവീതമെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

തൊഴിലില്ലായ്മവേതന വിതരണത്തിലെ അപാകതകൾ

1225 ശ്രീ. മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര പേരാണ് തൊഴിലില്ലായ്മാ വേതനം കൈപ്പറ്റുന്നത് എന്ന് വെളിപ്പെടുത്താമോ;

(ബി) തൊഴിലില്ലായ്മാ വേതനം വിതരണം ചെയ്യുന്നതിന് പ്രതിവർഷം എത്ര രൂപ ചെലവഴിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) തൊഴിലില്ലായ്മാ വേതനം ലഭിക്കുന്നതിന് അർഹരായവരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) നിലവിൽ തൊഴിലില്ലായ്മാ വേതനം പറ്റുന്നവരിൽ വലിയ ഒരു വിഭാഗം സ്വകാര്യമേഖലയിൽ ഉയർന്ന വരുമാനം കൈപ്പറ്റുന്നവരും അനർഹരും ആണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനവും തൊഴിലില്ലായ്മാ വേതന വിതരണവും കാലോചിതമായി പരിഷ്കരിക്കാനും അനർഹരെ ഒഴിവാക്കാനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

തൊഴിൽ എൻഫോഴ്സ്മെന്റ് സ്ക്വാഡിന്റെ പ്രവർത്തനം

1226 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തൊഴിൽ എൻഫോഴ്സ്മെന്റ് സ്ക്വാഡിന്റെ പ്രവർത്തന ന്യൂനതകൾ അപര്യാപ്തത പരിഹരിക്കുന്നതിനും മിനിമം വേതനം നടപ്പാക്കിയിട്ടുള്ള സ്ഥാപനങ്ങളിൽ മിനിമം വേതനം നടപ്പിൽ വരുത്തുന്നതിനും തൊഴിലാളികളുടെ നിയമപരമായ അവകാശങ്ങൾ ഉറപ്പ് വരുത്തുന്നതിനും, എൻഫോഴ്സ്മെന്റ് സ്ക്വാഡിന്റെ പ്രവർത്തനം ശക്തമാക്കാൻ നടപടി കൈക്കൊള്ളുമോ ?

## കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി</u>

1227 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ
,, പി.സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) ഇതിന്റെ ഭാഗമായി മറ്റ് സംസ്ഥാനങ്ങളുമായി ചർച്ചകൾ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) എല്ലാ വിഭാഗം ജനങ്ങൾക്കും പദ്ധതി പ്രകാരം വിദഗ്ധ ചികിത്സ ലഭ്യമാക്കാൻ നടപടി സ്വീകരിക്കാമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>മുകുന്ദപുരം താലൂക്കിലെ നിലത്തെഴുത്താശാൻമാർക്ക് പെൻഷൻ</u>

1228 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തൃശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിൽപ്പെട്ട നിലത്തെഴുത്താശാൻമാർക്ക് പെൻഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവർക്ക് എന്നത്തേക്ക് പെൻഷൻ നൽകാൻ കഴിയുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

ജോബ്ഫെസ്റ്റ് നടത്തിപ്പിലെ അപാകതകൾ

1229 ശ്രീ. വി.എസ്. സുനിൽ കുമാർ
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജോബ്ഫെസ്റ്റ് അവസാനമായി നടത്തിയതെന്നാണ്; എത്ര ജില്ലകളിൽ ഈ ഫെസ്റ്റ് നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ജോബ് ഫെസ്റ്റിൽ എത്ര കമ്പനികൾ പങ്കെടുത്തു; എത്രപേരെ തൊഴിലിനായി തെരഞ്ഞെടുത്തു; വിശദമാക്കാമോ;

(സി) തൊഴിലവസരങ്ങൾ പടിവാതിൽക്കൽ എന്ന ഈ പരിപാടിയിൽ ഉൾപ്പെടുത്തി ഏതെല്ലാം തസ്തികകളിലേയ്ക്കാണ് തൊഴിലവസരങ്ങൾ ഉളളതായി പ്രസിദ്ധപ്പെടുത്തിയതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ ജോബ് ഫെസ്റ്റിൽ ഉദ്യോഗാർത്ഥികൾ കബളിക്കപ്പെട്ടതായുളള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതെന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ് ജോബ് ക്ലബ്ബ് പദ്ധതി</u>

1230 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നൂറുദിന പദ്ധതിയിൽപ്പെടുത്തി നടപ്പാക്കുമെന്നു പ്രഖ്യാപിച്ച ''മൾട്ടി-പർപ്പസ് സർവ്വീസ് സെന്റേഴ്സ് ജോബ് ക്ലബ്ബ് പദ്ധതി'' പ്രകാരം എത്ര ഗ്രൂപ്പ് സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത ജോബ് ക്ലബ്ബ് അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ ;

(സി) ജോബ് ക്ലബ്ബുകൾ ആരംഭിക്കുന്നതിന്റെ നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

ബീഡിതൊഴിലാളികൾക്കായി ദേശീയ നിയമം

1231 ശ്രീ. കെ.കെ.നാരായണൻ
,, ജെയിംസ് മാത്യു
,, കെ.കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)
ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബീഡി വ്യവസായം അതീവ ഗുരുതരമായ പ്രതിസന്ധി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബീഡി തൊഴിലാളികൾക്കായി ദേശീയതലത്തിൽ മിനിമം കൂലി ഏർപ്പെടുത്തുന്നതിനും ദേശീയ നിയമം കൊണ്ടുവരുന്നതിന് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധക്ഷണിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>ചുമട്ടുതൊഴിലാളി മേഖലയിലെ നിയമങ്ങൾ</u>

1232 ശ്രീ. മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചുമട്ടുതൊഴിലാളി മേഖലയിലെ നിയമങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാം എന്ന് വിശദമാക്കുമോ ;

(ബി) നോക്കുകൂലി കർശനമായി തടയുവാൻ നടപടി സ്വീകരിക്കുമോ ;

(സി) സംസ്ഥാനത്ത് പല മേഖലകളിലും കായികാദ്ധ്വാനം വേണ്ട തൊഴിലുകൾക്ക് തൊഴിലാളികളെ കിട്ടാതിരിക്കുന്ന സാഹചര്യത്തിൽ ചുമട്ടുതൊഴിലാളി മേഖലയിൽ തൊഴിൽ കുത്തകാവകാശം അടിച്ചേൽപ്പിക്കുന്ന സാഹചര്യം വിലയിരുത്തുമോ ;

(ഡി) ചുമട്ടുതൊഴിലാളി കുത്തകാവകാശം സ്വയം ഏറ്റെടുക്കുന്ന ചുമട്ടുതൊഴിലാളികൾ സാധാരണക്കാരെ ഭീഷണിപ്പെടുത്തുന്നതും ഒരു നീതീകരണവുമില്ലാതെ കൂലി സ്വയം നിശ്ചയിച്ച് വാങ്ങുന്നതും പരിശോധിക്കുമോ ;

(ഇ) സാധാരണക്കാരന് വീട് വെയ്ക്കുന്നതിനോ ചെറുകിട കച്ചവടത്തിനോ കയറ്റിറക്കു നടത്തേണ്ടി വരുന്ന സാഹചര്യങ്ങളിൽ അവരവർക്ക് ഇഷ്ടമുള്ള തൊഴിലാളികളെക്കൊണ്ട് യഥേഷ്ടം സാധനസാമഗ്രികൾ കയറ്റി ഇറക്കുവാൻ സംരക്ഷണം നൽകുമോ ;

(എഫ്) ആവശ്യമില്ലാത്ത തൊഴിൽ അടിച്ചേല്പിക്കുന്നതിൽ നിന്ന് ചുമട്ടുതൊഴിലാളികളെ വിലക്കാനും സാധാരണക്കാരന്റെ സ്വാതന്ത്ര്യം സംരക്ഷിക്കുവാനും നടപടി സ്വീകരിക്കുമോ ;

(ജി) തൊഴിൽ മേഖലയിൽ നിലനിൽക്കുന്ന നോക്കുകൂലി ഇറക്കുകൂലി അട്ടിമറി കൂലി എന്നിവ അവസാനിപ്പിക്കാൻ ആവശ്യമായ ശക്തമായ നിയമനിർമ്മാണം കൊണ്ടു വരുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

സംസ്ഥാനത്തെ ക്ഷേമനിധിബോർഡുകളുടെ വിശദാംശം

1233 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽവകുപ്പിനുകീഴിൽ എത്ര ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്; ഏതെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) അതിൽ കേന്ദ്രനിയമം നടപ്പിലാക്കിയിട്ടുളള എത്ര ക്ഷേമനിധിബോർഡുകൾ നിലവിലുണ്ട്. അവ ഏതെല്ലാം എന്ന് വെളിപ്പടുത്തുമോ;

(സി) സംസ്ഥാനത്ത് തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകളിൽ ഓരോന്നിന്റെയും നിലവിലെ ആസ്തികൾ വ്യക്തമാക്കാമോ; വിവിധ ബാങ്കുകളിലായി ഓരോ ക്ഷേമനിധി ബോർഡിനും എത്ര നിക്ഷേപം വീതം നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാന സർക്കാർ ധനസഹായം നൽകുന്ന എത്ര ക്ഷേമനിധി ബോർഡുകൾ നിലവിലുണ്ട്; ഏതെല്ലാം;

(ഇ) സംസ്ഥാനത്തെ നിർമ്മണതൊഴിലാളികൾക്കായുളള ക്ഷേമനിധി ബോർഡിൽ നിലവിൽ ആകെ എത്ര തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(എഫ്) കേരള ബിൽഡിംഗ്സ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ നിലവിൽ എത്ര പെൻഷൻകാർ ഉണ്ട്; ജില്ല തിരിച്ച് കണക്ക് നൽകാമോ;

(ജി) പ്രസ്തുത ബോർഡിൽ എന്നാണ് കേന്ദ്ര നിയമം നടപ്പിലാക്കിയത്;പ്രസ്തുത ബോർഡിന്റെ വരുമാന സ്രോതസ്സ് ഏതെല്ലാമാണ്; എത്രരൂപയിൽ കൂടുതൽ ചെലവു വരുന്ന വീട് നിർമ്മിക്കുന്ന സ്വകാര്യ വ്യക്തികളാണ് ബോർഡിന് സെസ് അടയ്ക്കേണ്ടത്; ഈ തുക നിശ്ചയിച്ചത് ആരാണ്

(എച്ച്) അതിൽ മാറ്റം വരുത്തുവാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ അതിന് കേന്ദ്രസർക്കാരിന്റെ അനുമതി ആവശ്യമാണോ ; നിയമഭേദഗതിയില്ലാതെ മാറ്റം വരുത്തുവാൻ

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

കഴിയുമോ;

(ഐ) സ്വകാര്യ പൊതുമേഖലാ സഹകാർ സ്ഥാപനങ്ങൾ വീഴ്ചയില്ലാതെ സെസ് അടയ്ക്കുന്നു എന്നുറപ്പ് വരുത്തുവാൻ എന്തെല്ലാം സംവിധാനങ്ങൾ ആണ് നിലവിലുള്ളത്;

(ജെ) നിലവിൽ സെസ്സ് എത്ര കുടിശ്ശികയുണ്ട്; വിശദാംശം ലഭ്യമാക്കാമോ ; കുടിശ്ശിക പിരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>ക്ഷേമനിധി ബോർഡുകളുടെ ഫണ്ട് വിനിയോഗവും നിക്ഷേപവും</u>

1234 ശ്രീ. വി. ചെന്താമരാക്ഷൻ
,, കെ. ദാസൻ
,, രാജു എബ്രഹാം
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷേമനിധി ബോർഡുകളുടെ ഫണ്ട് വിനിയോഗവും നിക്ഷേപവും സംബന്ധിച്ച് പുതുതായി തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;വിശദമാക്കാമോ;

(ബി) ഏതെങ്കിലും ക്ഷേമനിധി ബോർഡുകളുടെ ഫണ്ട് ഏതെങ്കിലും സ്വകാര്യ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ബാങ്കുകളിൽ; എത്ര തുക വീതം എന്ന് വിശദമാക്കാമൊ;

(സി) ക്ഷേമനിധി ബോർഡുകളുടേതായി മൊത്തം എത്ര തുക ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നീക്കിയിരിപ്പുണ്ടായിരുന്നു?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ നിക്ഷേപങ്ങൾ

1235 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ നിക്ഷേപങ്ങൾ നിലവിൽ ഏതൊക്കെ ബാങ്കുകളിലാണെന്നും അവ എത്രയാണെന്നും വിശദമാക്കാമോ ;

(ബി) ഈ ഫണ്ടുകൾ അന്യദേശ ന്യൂ ജനറേഷൻ ബാങ്കുകളിൽ നിക്ഷേപിക്കുന്നതിനുള്ള നീക്കം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

നാഷണല്‍ എംപ്ലോയ്മെന്റ് സര്‍വ്വീസില്‍ ഡി.പി.സി കൂടുന്നതിന്
നടപടി

1236 ശ്രീ. കെ.വി. അബ്ദുള്‍ ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും** വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) നാഷണല്‍ എംപ്ലോയ്മെന്റ് സര്‍വ്വീസ് വകുപ്പില്‍ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസര്‍/ഡിവിഷണല്‍ എംപ്ലോയ്മെന്റ് ഓഫീസര്‍/ഡെപ്യൂട്ടി ഡയറക്ടര്‍/ജോയിന്റ് ഡയറക്ടര്‍ എന്നീ തസ്തികകളില്‍ ഓരോന്നിനും എത്ര ഒഴിവുകള്‍ വീതം നിലവിലുണ്ട്; എന്ന് മുതലാണ് ഇത് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിലേയ്ക്ക് ഡി.പി.സി കൂടിയിട്ടുണ്ടോ; ഇല്ലെങ്കില്‍ ഇതിന് കാരണമെന്താണെന്ന് വെളിപ്പെടുത്താമോ;

(സി) യോഗ്യരായവരുടെ പ്രമോഷന്‍ താമസിപ്പിക്കാന്‍ എന്തെങ്കിലും തരത്തിലുള്ള തടസ്സങ്ങള്‍ ഉണ്ടോ; വെളിപ്പെടുത്താമോ;

(ഡി ഈ കാലതാമസം മൂലം പൊതുജനങ്ങള്‍ക്കും, മറ്റ് ജീവനക്കാര്‍ക്കും ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിയ്ക്കുന്നതിനും ഡി.പി.സി ഉടന്‍ കൂടുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

എംപ്ലോയ്മെന്റ് ആഫീസർമാരുടെ അനധികൃത സ്ഥലംമാറ്റം പുന:പരിശോധിക്കാൻ നടപടി

1237 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ എംപ്ലോയ്മെന്റ് വകുപ്പിൽ 2011 സെപ്റ്റംബർ മാസം നടന്ന എംപ്ലോയ്മെന്റ് ഓഫീസർമാരുടെ ട്രാൻസ്ഫറിൽ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി എത്ര ട്രാൻസ്ഫർ നടത്തിയിട്ടുണ്ട്; നിശ്ചിത കാലാവധി തികയാത്ത എത്ര പേരെ ട്രാൻസ്ഫർ ചെയ്തു; കാരണം വിശദമാക്കാമോ;

(ബി) മലപ്പുറം ജില്ലയിലെ പട്ടികജാതിക്കാരായ ഉദ്യോഗസ്ഥരെ നിയമവിരുദ്ധമായി സ്ഥലംമാറ്റിയതിനുള്ള കാരണമെന്താണ്;

(സി) മലപ്പുറം ജില്ലയിലെ വികലാംഗനായ ഒരു ഉദ്യോഗസ്ഥന് അർഹത ഉണ്ടായിട്ടും അപേക്ഷ നൽകിയിരുന്ന സ്ഥലത്തേയ്ക്കു ട്രാൻസ്ഫർ നൽകാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത് സംബന്ധിച്ച് കോടതിയുടെ ഇടപെടൽ ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തായിരുന്നു; പ്രസ്തുത സാഹചര്യത്തിൽ ട്രാൻസ്ഫർ പുന:പരിശോധിക്കുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

തൊഴിലിടങ്ങളില്‍ സുരക്ഷാ ഉപകരണങ്ങളുടെ വിതരണം

1238 ശ്രീ. എം.പി. വിന്‍സെന്റ്

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

തൊഴിലിടങ്ങളില്‍ അപകടങ്ങള്‍ തടയുന്നതിനായി വ്യവസായശാലകളില്‍ തൊഴിലാളികള്‍ക്ക് സുരക്ഷാ ഉപകരണങ്ങള്‍ വിതരണം ചെയ്യുന്നതിന് തൊഴില്‍ നിയമത്തില്‍ വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികളുടെ സുരക്ഷ</u>

1239 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നിര്‍മ്മാണ തൊഴിലാളി ക്ഷേമനിധി ബോര്‍ഡില്‍ എത്ര തൊഴിലാളികള്‍ ഇതിനകം രജിസ്റ്റര്‍ ചെയ്തിട്ടുണ്ട്; ഇതില്‍ അന്യസംസ്ഥാന തൊഴിലാളികള്‍ എത്ര പേരുണ്ട്;

(ബി) തൊഴില്‍ വകുപ്പ് ഇതിനകം എത്ര അന്യസംസ്ഥാന തൊഴിലാളികള്‍ക്ക് തിരിച്ചറിയല്‍ കാര്‍ഡ് നല്‍കിയിട്ടുണ്ട്;

(സി) മതിയായ സുരക്ഷാ സംവിധാനങ്ങളില്ലാതെ നിര്‍മ്മാണ പ്രവൃത്തിയിലേര്‍പ്പെടുന്ന തൊഴിലാളികള്‍ പലപ്പോഴും അപകടത്തില്‍പെട്ട് ഗുരുതരമായി പരിക്കേല്‍ക്കുന്നതും ചിലപ്പോള്‍ മരണം സംഭവിക്കുന്നതുമായ സാഹചര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കില്‍ ഇത്തരം തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്താന്‍ തൊഴില്‍ വകുപ്പ് നിര്‍ദ്ദേശിക്കുന്ന നടപടികള്‍ എന്തൊക്കെയാണ്;

(ഇ) ഇതു പാലിക്കാത്ത കെട്ടിട നിര്‍മ്മാതാക്കള്‍ക്കെതിരെ എന്തൊക്കെ നടപടികളാണ് വകുപ്പ് സ്വീകരിക്കുന്നത്;

(എഫ്) എങ്കില്‍ വകുപ്പ് എത്ര പേര്‍ക്കെതിരെ ഇത്തരം ശിക്ഷാ നടപടികള്‍ ഇതിനകം സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ;

(ജി) ഇല്ലെങ്കില്‍ തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഭാവിയില്‍ എന്തൊക്കെ നടപടികള്‍ കൈക്കൊള്ളും ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളി ക്ഷേമനിധി</u>

1240 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ ;

(ബി) അന്യ സംസ്ഥാന തൊഴിലാളികളുടെ മേഖലയിൽ നടക്കുന്ന മനുഷ്യവിഭവ കമ്മീഷൻ കച്ചവടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത ചൂഷണം അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വികരിക്കും ;

(ഡി) അന്യ സംസ്ഥാന തൊഴിലാളി ക്ഷേമനിധി കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികള്‍</u>

T1241 ശ്രീ. മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് വിവിധ ജോലികള്‍ക്ക് എത്തുന്ന അന്യ സംസ്ഥാന തൊഴിലാളികളെക്കുറിച്ച് ഒരു അവലോകനം നടത്തിയിട്ടുണ്ടോ ; എങ്കില്‍ വിശദാംശം ലഭ്യമാക്കുമോ ;

(ബി) അന്യസംസ്ഥാന തൊഴിലാളികളെ കൊണ്ടുവരുന്നതിനും ജോലി ചെയ്യിക്കുന്നതിനും നിര്‍ദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങള്‍ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) മാനദണ്ഡങ്ങള്‍ ലംഘിച്ച് തൊഴിലാളികളെ കൂട്ടത്തോടെ കൊണ്ടുവരികയും ലേലം ചെയ്തു നല്‍കുകയും ചെയ്യുന്ന സംഭവങ്ങള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ഡി) അന്യസംസ്ഥാനങ്ങളില്‍ നിന്നു വരുന്നവരില്‍ ചിലര്‍ ക്രിമിനല്‍ പശ്ചാത്തലമുള്ളവരും ചിലര്‍ ക്രിമിനല്‍ കേസുകളില്‍ ഉള്‍പ്പെടുന്നവരുമാണെന്ന് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഇ) കേരളം നിര്‍മ്മാര്‍ജ്ജനം ചെയ്ത ചില രോഗങ്ങള്‍ അന്യസംസ്ഥാന തൊഴിലാളികള്‍ മുഖേന വീണ്ടും ഇവിടെ വരുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(എഫ്) ഇവരെ നിരീക്ഷിക്കുന്നതിനും, നിയന്ത്രിക്കുന്നതിനും ഫലപ്രദമായ നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>അന്യസംസ്ഥാനത്തൊഴിലാളികളും സുരക്ഷാ ഓഡിറ്റും</u>

1242 ശ്രീ. ബെന്നി ബെഹനാൻ
,, എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന കുടിയേറ്റ തൊഴിലാളികളെ നിയമപരമായി സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഈ തൊഴിലാളികൾക്ക് ഐ.ഡി. കാർഡ് നിർബന്ധമാക്കുമോ;

(സി) രജിസ്റ്റർ ചെയ്യുന്ന ഇത്തരം തൊഴിലാളികൾ മാത്രമേ സൈറ്റുകളിൽ പണിയെടുക്കുന്നുവെന്ന് ഉറപ്പുവരുത്തുമോ;

(ഡി) ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കെട്ടിട നിർമ്മാണ സൈറ്റുകളിൽ സുരക്ഷാ ഓഡിറ്റ് നിർബന്ധമാക്കുമോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>എംപ്ലോയ്മെനറ് എക്സ്ചേഞ്ചില്‍ പേര് രജിസ്റ്റര്‍ ചെയ്തവരും പെന്‍ഷന്‍ പ്രായവും</u>

1243 ശ്രീ. പി. ശ്രീരാമകൃഷ്ണന്‍
,, റ്റി. വി. രാജേഷ്
,, ആര്‍. രാജേഷ്
,, ബി. സത്യന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളില്‍ പേര് രജിസ്റ്റര്‍ ചെയ്ത് വര്‍ഷങ്ങളായി ജോലിക്ക് കാത്തിരിക്കുന്നവരുണ്ടെന്ന വസ്തുത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ഏറ്റവും ഒടുവിലത്തെ കണക്കനുസരിച്ച് ഇത് എത്രയാണ്;

(ബി) കേരളത്തിലെ കേന്ദ്ര സര്‍ക്കാര്‍ ഓഫീസുകളിലെ ജീവനക്കാരുടെ എണ്ണം കുറഞ്ഞുവരുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത സാഹചര്യത്തില്‍ സംസ്ഥാന ജീവനക്കാരുടെ പെന്‍ഷന്‍ പ്രായം വര്‍ദ്ധിപ്പിക്കാനുള്ള നീക്കത്തോടുള്ള തൊഴില്‍ വകുപ്പിന്റെ അഭിപ്രായം എന്താണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനം</u>

1244 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത തൊഴിൽരഹിതരുടെ എണ്ണം എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര പേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി തൊഴിൽ നൽകി എന്ന് വ്യക്തമാക്കുമോ;

(സി) കൂടുതൽ തൊഴിൽ രഹിതർക്ക് തൊഴിൽ ലഭ്യമാക്കാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം

1245 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്ര പേർക്ക് തൊഴിൽ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>രജിസ്ട്രേഷൻ പുന:സ്ഥാപിക്കൽ</u>

1246 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമനം ലഭിച്ചവർക്ക് വ്യക്തിപരമായ കാരണങ്ങളാൽ കാലാവധി തീരുന്നത് വരെ ജോലിയിൽ തുടരാൻ കഴിഞ്ഞില്ലെങ്കിൽ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ നഷ്ടപ്പെടുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരം ഉദ്യോഗാർത്ഥികൾക്ക് എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ നഷ്ടപ്പെടാതിരിക്കാനും നഷ്ടപ്പെട്ടവർക്ക് മുൻകാല പ്രാബല്യത്തോടെ അത് പുനസ്ഥാപിച്ചു കൊടുക്കുവാനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് കാർഡ് സീനിയോറിറ്റി പുന:സ്ഥാപിക്കാൻ നടപടി</u>

1247 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ റദ്ദായ ഉദ്യോഗാർത്ഥികൾക്ക് സീനിയോറിറ്റി പുന:സ്ഥാപിച്ചു നൽകുവാൻ ഉത്തരവായെങ്കിലും തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് ഓഫീസിൽ യഥാസമയം കാർഡ് പുതുക്കി നൽകുന്നില്ലെന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) തിരുവനന്തപുരം ജില്ലയിൽ 2011 ഓഗസ്റ്റ് 31 വരെ ലഭിച്ച അപേക്ഷകളിൽ എത്രയെണ്ണം ഇതുവരെ പുതുക്കി നൽകി; പുതുക്കി നൽകാത്തവ എത്ര; കാരണം വിശദമാക്കാമോ;

(സി) പുതുക്കാൻ തീയതി വച്ച് നൽകിയത് കാരണം, പ്രായപരിധി കഴിഞ്ഞ്, സീനിയോറിറ്റി ലിസ്റ്റിൽ നിന്ന് പുറത്താകാൻ സാധ്യതയുള്ളവർ എത്രയാണ്; വിശദവിവരം നൽകുമോ;

(ഡി) തിരുവനന്തപുരത്ത് ഇത്തരം സ്ഥിതിയുണ്ടാകാൻ കാരണമെന്തെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>പൗരാവകാശ രേഖ</u>

1248 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

തൊഴിൽ വകുപ്പ് പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ഐ.ടി.ഐ.</u>

1249 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
,, പി.കെ. ബഷീർ
,, കെ. മുഹമ്മദുണ്ണി ഹാജി
,, പി.ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ഏതാനും ഐ.ടി.ഐ. കൾ ആരംഭിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കാൻ 2006-ൽ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനോടാവശ്യപ്പെട്ടിരുന്നോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ ഐ.ടി.ഐ. ആരംഭിക്കുന്നതിനായി സംസ്ഥാന ട്രെയിനിംഗ് ഡയറക്ടർ 21.04.2010-ന് 68.90 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര പ്ലാനിങ്ങ് കമ്മീഷന് സമർപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതുമായി ബന്ധപ്പെട്ട നപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ഡി) കേന്ദ്ര പ്ലാനിംഗ് കമ്മീഷനിൽ നിന്ന് എന്തെങ്കിലും മറുപടി ലഭിച്ചിട്ടുണ്ടോ;

(ഇ) പ്രസ്തുത പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ കേന്ദ്രം പ്രസ്തുത പദ്ധതി ഉപേക്ഷിച്ചോ എന്ന കാര്യം ഉറപ്പുവരുത്തുമോ; വിശദാംശങ്ങൾ അറിയിക്കുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

തിരുവമ്പാടി ഐ.ടി.ഐ. യിലെ നിയമനം

1250 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ തിരുവമ്പാടി ഗവ: ഐ.ടി.ഐ. യിൽ ഏതൊക്കെ ട്രേഡുകളാണ് അനുവദിച്ചിട്ടുള്ളതെന്നും അതിൽ എത്ര കുട്ടികൾ വീതം പഠനം നടത്തിവരുന്നുണ്ടെന്നും വിശദമാക്കാമോ;

(ബി) ഈ ട്രേഡുകൾ പഠിപ്പിക്കുന്നതിനും പരിശീലനം നൽകുന്നതിനും എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്നും എത്ര പേരെ നിയമിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) സ്ഥാപന നടത്തിപ്പിന് മറ്റ് ഏതൊക്കെ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്;

(ഡി) സ്ഥാപനത്തിന്റെ സുഗമമായ നടത്തിപ്പിന് ഏതൊക്കെ തസ്തികകൾ ആവശ്യമുണ്ടെന്നും ആയത് എന്ന് അനുവദിക്കാൻ കഴിയുമെന്നും അറിയിക്കാമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>തിരുവമ്പാടി ഐ.ടി.ഐ. യിലെ അപര്യാപ്തതകൾ</u>

1251 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി ഗവൺമെന്റ് ഐ.ടി.ഐ യ്ക്ക് സ്ഥിരം കെട്ടിടം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ബി) നിലവിലുള്ള സ്വകാര്യകെട്ടിടത്തിൽ ആവശ്യമായ സ്ഥലം ലഭ്യമാണോ;

(സി) സ്ഥാപനത്തിൽ നിലവിലുള്ള അപര്യാപ്തതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഇവ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ ഐ. ടി. ഐ. കെട്ടിട നിർമ്മാണം</u>

1252 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ഥലപരിമിതിയുള്ള ആറ്റിങ്ങൽ സർക്കാർ ഐ. ടി. ഐ. യുടെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണം ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത ബ്ലോക്ക് നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കാനും അടിയന്തിരമായി നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാനും ഉദ്യോഗസ്ഥൻമാരുടെയും ജനപ്രതിനിധികളുടെയും ഒരു അടിയന്തിര യോഗം വിളിക്കാമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>മാടായി ഐ. ടി. ഐ.യ്ക്ക് സ്ഥലം</u>

1253 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മാടായി ഐ. ടി. ഐ.യ്ക്ക് റവന്യൂ വകുപ്പ് നല്‍കിയ സ്ഥലം സംബന്ധിച്ച് തര്‍ക്കം നിലനില്‍ക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) കെട്ടിടം പണി നടന്നുകൊണ്ടിരിക്കുന്നതിനിടയില്‍ മാടായിക്കാവ് ദേവസ്വം നല്‍കിയ സ്റ്റേയുടെ ഭാഗമായി പണി സ്തംഭിച്ചിരിക്കുന്നതിനാല്‍ ദേവസ്വവുമായുള്ള തര്‍ക്കം വകുപ്പ് തലത്തില്‍ പരിഹരിക്കുന്നതിനും സ്റ്റേ ഒഴിവാക്കുന്നതിനും ആവശ്യമായ സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>പീരുമേട് ഐ.ടി.ഐ. യുടെ പ്രവര്‍ത്തനം</u>

1254

ശ്രീമതി ഇ. എസ്. ബിജിമോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മുന്‍സര്‍ക്കാരിന്റെ കാലത്ത് അനുവദിച്ച പീരുമേട് ഐ.ടി.ഐ. യുടെ പ്രവര്‍ത്തനം എന്നു മുതല്‍ ആരംഭിക്കുവാന്‍ കഴിയും എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഐ.ടി.ഐ. ആരംഭിക്കുന്നതിന് നാളിതുവരെ കൈക്കൊണ്ട നടപടികള്‍ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>കുറ്റിക്കോലിൽ പുതിയ ഐ. ടി.ഐ സ്ഥാപിക്കുന്നതിനുള്ള നടപടി</u>

1255 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കുറ്റിക്കോലിൽ 2011-12 സാമ്പത്തിക വർഷത്തിൽ പുതിയ ഐ. ടി.ഐ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഐ. ടി.ഐ സ്ഥാപിക്കുന്നതിനുള്ള തുടർനടപടികൾ എടുത്തിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>അഞ്ചുതെങ്ങിൽ ഐ. ടി. ഐ. ആരംഭിക്കുന്നതിന് നടപടി</u>

1256

ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് നിയോജക മണ്ഡലത്തിലെ അഞ്ചുതെങ്ങിൽ ഐ. ടി. ഐ. ആരംഭിക്കുന്നത് സംബന്ധിച്ച് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

ഇളമാട് ഐ.ടി.ഐ. ക്ക് പുതിയ കെട്ടിടം നിർമ്മിക്കാൻ നടപടി

1257 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം നിയോജക മണ്ഡലത്തിലെ ഇളമാട് ഐ.റ്റി.ഐ. ഇപ്പോൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ സ്ഥാപനത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിച്ചുവെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ ഇതുവരെയും ആരംഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെട്ടിടനിർമ്മാണം സത്വരമായി ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ;

(സി) ഇളമാട് ഐ.ടി.ഐ. യിൽ പുതിയകോഴ്സുകൾ ആരംഭിക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

പുറക്കാട് ഗവണ്‍മെന്റ് ഐ.റ്റി.ഐ. യ്ക്ക് സ്വന്തം കെട്ടിടം

1258 ശ്രീ. ജി. സുധാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പുറക്കാട് ഗവണ്‍മെന്റ് ഐ.ടി.ഐ.യ്ക്ക് സ്വന്തം കെട്ടിടം നിര്‍മ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ബി) കെട്ടിടം നിര്‍മ്മിക്കുന്നതിനുള്ള ഭൂമി ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയിട്ടുണ്ടോ ;

(സി) എങ്ങനെയുള്ള ഭൂമിയാണ് ഇതിനായി ലഭിച്ചിട്ടുള്ളത് ; ഈ ഭൂമി നികത്തുന്നതിന് തോട്ടപ്പള്ളി കനാലില്‍ നിന്ന് ഡ്രഡ്ജ് ചെയ്ത് മണല്‍ വേണ്ടി വരുമെങ്കില്‍ ആയതിന് അനുവാദം നല്‍കുമോ ;

(ഡി) ഐ.ടി.ഐ. പുറക്കാട് നിന്ന് മാറ്റുന്നതിനെതിരെ എന്തു നടപടിയാണ് സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>നൂറുദിന പരിപാടിയിൽപ്പെടുത്തിയ ഐ. റ്റി. ഐ. കെട്ടിടങ്ങൾ</u>

1259 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നൂറിദിന പരിപാടിയിൽപ്പെടുത്തി പ്രവർത്തന സജ്ജമാക്കുമെന്ന് പ്രഖ്യാപിച്ച '13' ഐ.റ്റി.ഐ കെട്ടിടങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനം എന്നാണ് ആരംഭിച്ചതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>കയ്യൂർ മോഡൽ ഐ.ടി.ഐ. യിൽ ഗേൾസ് ഹോസ്റ്റൽ കെട്ടിട നിർമ്മാണം</u>

1260 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയ്യൂർ മോഡൽ ഐ.ടി.ഐ. യിൽ ഗേൾസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവിടെ ഡീസൽ മെക്കാനിക് വിഷയത്തിൽ പഠന പരിശീലനത്തിന് ആവശ്യമായ വാഹനങ്ങൾ എത്തിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

പുതിയ ഐ. ടി. ഐ. കൾക്ക് റവന്യൂ ഭൂമി വിട്ടുനൽകാൻ നടപടി

1261 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് എത്ര പുതിയ ഐ. ടി. ഐ. കൾ അനുവദിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) പഞ്ചായത്തുകൾക്ക് സ്വന്തമായി സ്ഥലമില്ലാത്ത സാഹചര്യവും റവന്യൂ ഭൂമി പഞ്ചായത്തുകൾക്ക് സൗജന്യമായി കൈമാറ്റം ചെയ്ത് കൊടുക്കാത്ത സാഹചര്യവും നിലനിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പൊതു ആവശ്യത്തിനായി റവന്യൂ വകുപ്പ് പഞ്ചായത്തുകളിൽ നീക്കിവെച്ച സ്ഥലം ഐ. ടി. ഐ. കൾ സ്ഥാപിക്കുന്നതിനായി നൽകുമോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

**കൊയിലാണ്ടിയിൽ ശരണ്യ പദ്ധതി പ്രകാരം ലഭിച്ച അപേക്ഷകൾ തീർപ്പാക്കാൻ നടപടി**

1262 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശരണ്യ പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ ധനസഹായത്തിനായി എത്ര പേരെ തെരഞ്ഞെടുത്തിട്ടുണ്ട് എന്ന് വിശദമാക്കാമോ; ഇവരുടെ ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) ശരണ്യ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട എത്ര പേർക്ക് ഗ്രാന്റ് നൽകി എന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത വിഭാഗത്തിൽ കൊയിലാണ്ടി മണ്ഡലത്തിൽ എത്ര പേരുടെ അപേക്ഷ തീർപ്പാകാതെയുണ്ട് എന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>തോട്ടം തൊഴിലാളികൾക്ക് ബി.പിഎൽ. കാർഡ്</u>

1263 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ തോട്ടം തൊഴിലാളികളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് വരുമാനപരിധി നോക്കാതെ ബി.പിഎൽ. കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ;

(സി) ജീവിതച്ചെലവ് വർദ്ധിച്ച സാഹചര്യത്തിൽ തോട്ടം മേഖലയിലെ തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>തോട്ടം തൊഴിലാളികളുടെ ശമ്പളപരിഷ്ക്കരണം</u>

1264 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തോട്ടം തൊഴിലാളികളുടെ ശമ്പളപരിഷ്ക്കരണം എത്ര വർഷം കൂടുമ്പോഴാണ് നടപ്പിലാക്കുന്നത്;

(ബി) ഇപ്പോൾ തൊഴിലാളികൾക്ക് ലഭിക്കുന്ന ശമ്പളം എന്ന് നടപ്പിലാക്കിയ ശമ്പളപരിഷ്ക്കരണത്തിന്റെ അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കാമോ;

(സി) തോട്ടം തൊഴിലാളികളുടെ ശമ്പളപരിഷ്ക്കരണത്തിന്റെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>തോട്ടം മേഖലയിലെ തൊഴിലാളികളുടെ വേതനം വര്‍ദ്ധിപ്പിക്കാന്‍ നടപടി</u>

1265 ശ്രീ. എസ്. രാജേന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തോട്ടം മേഖലയില്‍ പണിയെടുക്കുന്ന തൊഴിലാളികളുടെ ഇപ്പോഴത്തെ ദിവസ വേതനം എത്ര രൂപയാണ് എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത തുക വര്‍ദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കില്‍ എത്ര രൂപയുടെ വര്‍ദ്ധനവാണ് ഉദ്ദേശിക്കുന്നത്;

(സി) നിലവിലുള്ള വേതനം അപര്യാപ്തമാണെന്ന് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ ലൈസൻസ്</u>

1266 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫാക്ടറികൾ തുടങ്ങുന്നതിന് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡിപ്പാർട്ട്മെന്റ് ലൈസൻസ് നൽകുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സുതാര്യമാക്കുന്നതിന് എന്തെങ്കിലും നടപടികൾ പരിഗണനയിലുണ്ടോ ;

(സി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള നിബന്ധനകൾ പാലിക്കാത്തതിന് നടപടി</u>

T1267 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കിയ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി അട്ടിമറിക്കപ്പെടുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇൻഷ്വറൻസ് പദ്ധതി പ്രകാരം സ്മാർട്ട് കാർഡുള്ള രോഗികൾക്ക് പൂർണ്ണമായും സൗജന്യ ചികിത്സ നൽകണമെന്ന വ്യവസ്ഥയും ആശുപത്രിയിൽ ഇല്ലാത്ത മരുന്ന് കിടത്തി ചികിത്സയിൽ കഴിയുന്ന രോഗികൾക്ക് സൗജന്യമായി അധികൃതർ വാങ്ങി നൽകുമെന്ന വ്യവസ്ഥയും പലപ്പോഴും പാലിക്കപ്പെടുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ നിബന്ധനകൾ കർശനമായി പാലിക്കാൻ എന്തു നടപടിയാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ സ്മാർട്ട് കാർഡ് ലഭ്യമാക്കാൻ നടപടി</u>

1268 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ഇപ്പോൾ എത്ര കുടുംബങ്ങളാണ് ഉൾപ്പെട്ടിട്ടുളളതെന്നു വ്യക്തമാക്കുമോ;

(ബി) ഇനിയും അംഗങ്ങളായിട്ടില്ലാത്തവരെ അംഗങ്ങളാക്കുന്നതിനും അവർക്ക് സ്മാർട്ട്കാർഡ് നൽകുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളും ജില്ലാ ആശുപത്രികളും മാനസികാരോഗ്യ ചികിത്സാ കേന്ദ്രങ്ങൾ, ലെപ്രസി ഹോസ്പിറ്റലുകൾ, റ്റി. ബി. സാനിറ്റോറിയങ്ങൾ തുടങ്ങിയ സ്പെഷ്യാലിറ്റി ആശുപത്രികളും ഈ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നും, ഇല്ലെങ്കിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

ആരോഗ്യ ഇൻഷ്വറൻസ് കാർഡ് വഴിയുള്ള ചികിത്സാ സഹായം

1269 കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിച്ച ആരോഗ്യ ഇൻഷ്വറൻസ് കാർഡ് വഴി നൽകുന്ന ചികിത്സാ സഹായ പദ്ധതിപ്രകാരം ഗുണഭോക്താക്കൾക്ക് എത്ര രൂപ വരെയുള്ള ചികിത്സ ലഭിക്കും എന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം ചികിത്സ നടത്താൻ സൗകര്യമുള്ള എത്ര സർക്കാർ ആശുപത്രികൾ നിലവിലുണ്ട്;

(സി) ഇപ്രകാരം ചികിത്സ നടത്താൻ സൗകര്യമുള്ള എത്ര സ്വകാര്യ ആശുപത്രികൾ നിലവിലുണ്ട്;

(ഡി) ആരോഗ്യ ഇൻഷുറൻസ് കാർഡ് പുതുക്കാൻ അവസരം നഷ്ടപ്പെട്ടവർക്ക്ഇനി പുതുക്കാൻ സൗകര്യം നിലവിലുണ്ടോ;

(ഇ) ഈ കാർഡ് ഉപയോഗിച്ച് ലഭിക്കുന്ന തുക മുഴുവൻ രോഗിയുടെ ചികിത്സാച്ചെലവിനാണോ ഉപയോഗിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>ആരോഗ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി ലഭ്യമാക്കുന്ന കൊല്ലം ജില്ലയിലെ സ്വകാര്യ ആശുപത്രികൾ</u>

1270 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി പ്രകാരം സൗജന്യ ചികിൽസ ലഭ്യമാക്കുന്ന കൊല്ലം ജില്ലയിലെ സ്വകാര്യ ആശുപത്രികൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടാതെ നിൽക്കുന്ന പ്രധാന സ്വകാര്യ ആശുപത്രികളെ പദ്ധതിയുടെ ഭാഗമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആനുകൂല്യങ്ങൾ</u>

1271 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി മുഖേന വിവിധ ആശുപത്രികളിൽ ചികിത്സ തേടിയ രോഗികൾക്ക് എത്ര തുകയുടെ ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ ലഭ്യമാക്കാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>ഇ.എസ്.ഐ. ഡയറക്ടറേറ്റിന്റെ കെട്ടിടനിര്‍മ്മാണം</u>

1272 ശ്രീ. പുരുഷന്‍ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഇ.എസ്.ഐ. ഡയറക്ടറേറ്റിന്റെ നിര്‍മ്മാണ പ്രവര്‍ത്തനം പൂര്‍ത്തിയാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ നിര്‍മ്മാണം എന്നാണ് ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

പേരാമ്പ്രയിൽ ഇ. എസ്. ഐ. ഡിസ്പെൻസറി അനവദിക്കാൻ നടപടി

1273 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്രയിൽ ഇ. എസ്. ഐ. ഡിസ്പെൻസറി അനുവദിക്കണമെന്നാവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അപേക്ഷയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

ഇ.എസ്.ഐ. ഡിസ്പെൻസറികളുടെ ശോച്യാവസ്ഥ പരിഹരിക്കാൻ നടപടി

1274 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള 138 ഇ.എസ്.ഐ. ഡിസ്പെൻസറികളിലും 13 ആശുപത്രികളിലും ആവശ്യത്തിന് ഡോക്ടർമാർ ഇല്ലാത്തതിനും ഡിസ്പെൻസറികൾ ശോച്യാവസ്ഥയിലാണ് എന്നതിനും പരിഹാരം കാണാൻ അടിയന്തിര നടപടി കൈക്കൊള്ളുമോ;

(ബി) ഇ.എസ്.ഐ. സ്കീമിൽ അംഗങ്ങളായ തൊഴിലാളികൾ ഡോക്ടർമാരുടെ നിർദ്ദേശാനുസരണം പുറമേ നിന്നും വാങ്ങിയ മരുന്നുകളുടെ വില റീഇംബേഴ്സ്മെന്റായി നൽകാനുള്ളതിൽ എത്ര രൂപയാണ് കുടിശ്ശിക ഉള്ളതെന്നും ഇത് എന്നത്തേക്ക് നൽകാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>ഇ.എസ്.ഐ. ഡിസ്പെൻസറികൾ മെച്ചപ്പെടുത്താൻ പദ്ധതി</u>

1275

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഇ.എസ്.ഐ. ഡിസ്പെൻസറികൾ മെച്ചപ്പെടുത്തുന്നതിനും പുതിയ ഇ.എസ്.ഐ. ഡിസ്പെൻസറികൾ തുടങ്ങുന്നതിനും എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

### വ്യാപാര - വാണിജ്യ സ്ഥാപനങ്ങൾക്ക് അവധി നിർബന്ധമാക്കാൻ നടപടി

1276

ശ്രീ. റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1960 ലെ കേരള ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ടിലെ 11(1)-ാം വകുപ്പു പ്രകാരം സംസ്ഥാനത്തെ വ്യാപാര - വാണിജ്യ സ്ഥാപനങ്ങൾ ആഴ്ചയിൽ ഒരു ദിവസം പൂർണ്ണമായും അവധി നൽകണം എന്ന നിബന്ധന ഉണ്ടോ; എങ്കിൽ ഈ വ്യവസ്ഥ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ വ്യാപാര - വാണിജ്യ സ്ഥാപനങ്ങൾ തൊഴിലാളികൾക്ക് ആഴ്ചയിൽ ഒരു ദിവസത്തെ അവധി നൽകാതെ പ്രവർത്തിക്കുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരം സ്ഥാപനങ്ങൾക്ക് എതിരെ എന്തെങ്കിലും നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇത്തരം നിയമലംഘനങ്ങൾക്ക് എതിരെ നടപടികൾ സ്വീകരിയ്ക്കാൻ ചുമതലപ്പെട്ടത് ഏത് തലം മുതലുള്ള ഉദ്യോഗസ്ഥന്മാരാണെന്ന് വ്യക്തമാക്കാമോ;

(സി) ആഴ്ചയിൽ ഒരു ദിവസം വ്യാപാര സ്ഥാപനങ്ങൾക്ക് അവധി നൽകണമെന്ന നിബന്ധനയിൽ നിന്നും സംസ്ഥാനത്തെ ഏതെങ്കിലും വ്യാപാര വാണിജ്യ സ്ഥാപനങ്ങളെ 1.1.2009 മുതൽ 31.8.2011 വരെയുള്ള കാലയളവിൽ ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ അതിനായി പരിഗണിച്ച മാനദണ്ഡങ്ങൾ വിശദമാക്കുമോ; ഇതിന്റെ ഫലമായി തൊഴിലാളികൾക്ക് ലഭിച്ച പ്രയോജനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?